# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1106** 08/02/2013 ൽ മറുപടിക്ക്

## ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.തിലോത്തമൻ: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്ക് വേണ്ടി ഓരോ കുട്ടിക്കും പ്രതിദിനം നൽകുന്നത് എത്ര രൂപ വീതമാണെന്ന് പറയാമോ; പ്രസ്തുത പദ്ധതിക്കു വേണ്ടി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പണം നൽകുന്നുണ്ടോ; എങ്കിൽ, എത്ര തുകയാണ്; മറ്റേതെങ്കിലും തരത്തിലുള്ള ഫണ്ടുകൾ ഉച്ചഭക്ഷണ പദ്ധതിക്കുവേണ്ടി ലഭിക്കുന്നുണ്ടോ എന്നും വിശദമാക്കാമോ; | എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്കുവേണ്ടി 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 5/- രൂപയും പുറമെ പാചകകൂലിയും 151 മുതൽ 500 കുട്ടികൾവരെയുള്ള സ്ക്കൂളുകളിൽ കുട്ടിയൊന്നിന് 6/-രൂപയും 501-ന് മുകളിൽ കുട്ടികളുള്ള സ്കൂളുകൾക്ക് 500 കുട്ടികൾവരെ 6/- രൂപയും 501 മുതലുള്ള കുട്ടികൾക്ക് 5/- രുപ വീതവും (പാചകകൂലി ഉൾപ്പെടെ) നൽകിവരുന്നു. ടി പദ്ധതിക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ മറ്റേതെങ്കിലും തരത്തിലുള്ള ഫണ്ടുകളോ ലഭിക്കുന്നില്ല. എന്നാൽ 2012-13 മുതൽ പരിഷ്കരിച്ച് നടപ്പാക്കുന്ന രീതിയനുസരിച്ച് പഞ്ചായത്തുകളുടേയും, സന്നദ്ധസംഘടനകളുടേയും മറ്റും സഹായത്താൽ പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് വൈവിധ്യമാർന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് സ്ക്കൂൾ പ്രഥമാദ്ധ്യാപകർക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |
| ബി) സർക്കാരിന്റെ സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷം ചെലവഴിച്ച തുക എത്രയാണെന്നു പറയാമോ; ഇതു സംബന്ധിച്ച ജില്ല തിരിച്ചുള്ളതും, എയ്ഡഡ്, സർക്കാർ വിദ്യാലയങ്ങൾ തിരിച്ചുള്ളതുമായ കണക്കുകൾ ലഭ്യമാക്കുമോ; | ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷം 235 കോടി രൂപ ചെലവായിട്ടുണ്ട്. ഇതിൽ 34,88,77,795/- കോടി രൂപ അരിയുടെ വിലയായി എഫ്.സി.ഐ.ക്കും 28,55,24,807/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനും 9 കോടി രൂപ പാലിന്റെ വിലയായി മിൽമയ്ക്കും നൽകിയിട്ടുണ്ട്. ബാക്കി തുകയായ 162,55,97,398/- രൂപ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായി സ്കൂളുകൾക്ക് വിതരണം നടത്തിയിട്ടുണ്ട്. എയ്ഡഡ് സർക്കാർ വിദ്യാലയങ്ങൾ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പ് മോണിറ്റർ ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്നു വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടോ; | സി) | ഉപജില്ലാതലത്തിൽ പദ്ധതിയുടെ നടത്തിപ്പ് മോണിറ്ററിംഗ് ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മെമ്പർ സെക്രട്ടറിയായിട്ടുള്ള ഉപജില്ലാ സ്റ്റിയറിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലയിലെ പദ്ധതിയുടെ നടത്തിപ്പ് മോണിറ്ററിംഗ് ചെയ്യുന്നതിനു ജില്ലാ കളക്ടർ ചെയർമാനും വിദ്യാഭ്യാസ ഉപഡയറക്ടർ മെമ്പർ സെക്രട്ടറിയായിട്ടുള്ള റവന്യൂ ജില്ലാ തല സ്റ്റിയറിംഗ്-കം-മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി മോണിറ്ററിംഗിന്റെ ഭാഗമായി സ്ക്കൂളുകളിൽ സന്ദർശനം നടത്തി നടത്തിപ്പ് പരിശോധിക്കുന്നതിനു ജില്ലാതലത്തിൽ ഒരു നൂൺഫീഡിംഗ് സൂപ്പർവൈസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനു പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനും, പൊതുവിദ്യാഭ്യാസ ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായി സംസ്ഥാന സ്റ്റിയറിംഗ്-കം-മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ശ്രദ്ധയിൽപ്പെടുന്ന പോരായ്മകൾ അതാത് മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് പരിഹരിച്ചു വരുന്നു. |
| ഡി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുവേണ്ടി ഓരോ കുട്ടിക്കും അനുവദിക്കുന്ന തുക എന്തെല്ലാം കാര്യങ്ങൾക്കാണ് വിഭജിച്ചു പോകുന്നത് എന്ന് വ്യക്തമാക്കാമോ; ഓരോ കുട്ടിക്കും എന്തെല്ലാം ഭക്ഷണ സാധനങ്ങൾ, എത്ര അളവുവീതമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | ഡി) | ഉച്ചഭക്ഷണ പദ്ധതിക്കുവേണ്ടി ഓരോ കുട്ടിക്കും അനുവദിക്കുന്ന തുക പാചകകൂലി, മുട്ട, പാൽ, പച്ചക്കറി, എണ്ണ, പലവ്യഞ്ജനം, ഇന്ധനം, ട്രാൻസ്പോർട്ടേഷൻ തുടങ്ങിയവയ്ക്കായാണ് സ്ക്കൂൾ അധികൃതർ ഉപയോഗിച്ചു വരുന്നത്. 1 മുതൽ 5-ാം ക്ലാസുവരെയുള്ള കുട്ടികൾക്ക് 100 ഗ്രാം അരിയും, 6 മുതൽ 9 വരെ ക്ലാസിലെ കുട്ടികൾക്ക് 150 ഗ്രാം അരിയും ഉപയോഗിച്ചുവരുന്നു. കൂടാതെ 7-ാം ക്ലാസുവരെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം ഒരു മുട്ടയും മുട്ട കഴിക്കാത്ത കുട്ടികൾക്ക് പകരം നേന്ത്രപ്പഴവും, 8-ാം ക്ലാസുവരെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം 150 മി.ലി. പാലും നൽകിവരുന്നുണ്ട്. |

| | | |
|---|---|---|
| ഇ) | ഓരോ കുട്ടിക്കും വേണ്ടി അനുവദിക്കുന്ന തുകകൊണ്ട് ഉദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ കഴിയുമോ; | ഇ) & എഫ്) നടപ്പിലാക്കാൻ കഴിയും എന്നാൽ പച്ചക്കറി, പലവ്യജ്ഞനം, എണ്ണ, വിറക്, പാചകഗ്യാസ്, ധാന്യങ്ങൾ തുടങ്ങിയവയുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിൽ കുട്ടി ഒന്നിനു അനുവദിച്ചിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്നു സ്ക്കൂൾ തലത്തിൽ നിന്നും പരാതി ഉയർന്നു വരുന്നുണ്ട്. തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| എഫ്) | തികച്ചും അപര്യാപ്തമായ ഈ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം | ജില്ല | ഗവ | തുക | എയിഡഡ് | തുക |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 543 | 68059200 | 358 | 68248200 |
| 2 | കൊല്ലം | 459 | 47340000 | 453 | 68575200 |
| 3 | പത്തനംതിട്ട | 257 | 1146000 | 435 | 31567800 |
| 4 | ആലപ്പുഴ | 337 | 26836200 | 395 | 65857800 |
| 5 | കോട്ടയം | 309 | 13932000 | 556 | 70069800 |
| 6 | ഇടുക്കി | 199 | 16353600 | 254 | 36162600 |
| 7 | എറണാകുളം | 383 | 24085200 | 535 | 100119600 |
| 8 | തൃശ്ശൂർ | 262 | 29187000 | 680 | 126325200 |
| 9 | പാലക്കാട് | 334 | 52017000 | 586 | 109965000 |
| 10 | മലപ്പുറം | 549 | 65080200 | 794 | 146446299 |
| 11 | കോഴിക്കോട് | 334 | 50590200 | 864 | 139097499 |
| 12 | വയനാട് | 187 | 26686800 | 111 | 27418800 |
| 13 | കണ്ണൂർ | 283 | 30706200 | 960 | 105001800 |
| 14 | കാസർഗോഡ് | 294 | 43674600 | 229 | 35049600 |

സെക്ഷൻ ഓഫീസർ